# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 മെയ് 15**

---

## പരിസ്ഥിതി ശാസ്ത്രത്തിൽ പിജി

*പരിസ്ഥിതി ശാസ്ത്ര വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ പഠിക്കാൻ മഹാത്മാ ഗാന്ധി സർവകലാശാലയിൽ അവസരം. ടൈംസ് ഹയർ എജ്യുക്കേഷൻ 2025 ഏഷ്യ റാങ്കിംഗിൽ ഈ മേഖലയിലെ ഉന്നത പഠനത്തിന് രാജ്യത്തെ മികച്ച മൂന്നാമത്തെ സ്ഥാപനമായി തിരഞ്ഞെടുക്കപ്പെട്ട  സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ എൻവയോൺമെന്റൽ സയൻസ് ആന്റ് മാനേജ്മെന്റ്, എൻവയോൺമെന്റൽ സയൻസ ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്,അപ്ലൈഡ് ജിയോളജി എന്നിവയിലാണ് എംഎസ്സി കോഴ്സുകളുള്ളത്.*

*ഏതെങ്കിലും ശാസ്ത്ര വിഷയത്തിൽ ബിഎസ്സി യോഗ്യതയുള്ളവർക്ക് ആദ്യ രണ്ടു പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാം. ജിയോളജിയിൽ ബിരുദമുള്ളവരെയാണ് എംഎസ്സി ജിയോളജിക്ക് പരിഗണിക്കുന്നത്.*

*നിർമിത ബുദ്ധിയും ഡ്രോൺ സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തിയുള്ള പഠനം, നൂതന ഉപകരണങ്ങളുള്ള അനലിറ്റിക്കൽ ലാബ്, മികച്ച ലൈബ്രറി, ദേശീയ-രാജ്യാന്തര തലങ്ങളിലെ മുൻനിര സ്ഥാപനങ്ങളുമായുള്ള സഹകരണം തുടങ്ങിയവ പ്രത്യേകതകളാണ്.*

cat.mgu.ac.in *വഴി മെയ് 20 വരെ അപേക്ഷിക്കാം. വെബ്സൈറ്റ്* -ses.mgu.ac.in *ഇമെയിൽ:* ses@mgu.ac.in. *ഫോൺ-0481 2733369*

*(പി.ആർ.ഒ/39/1560/2025)*

## എംഎസ്സി കെമിസ്ട്രി; അപേക്ഷിക്കാം

*രാജ്യാന്തര നിലവാരത്തിലുള്ള പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ എംഎ*

*സ്സി പഠിക്കാം. കെമിസ്ട്രിയിൽ ഇൻഓർഗാനിക്, ഓർഗാനിക്, ഫിസിക്കൽ, പോളിമെർ വിഭാഗങ്ങളിലെ എംഎസ്സി പ്രോഗ്രാമുകൾക്ക് പ്രവേശനത്തിന് മെയ് 20 വരെ അപേക്ഷിക്കാം.*

*ഇൻസ്ട്രുമെന്റേഷൻ ടെക്നിക്ക്സിൽ ഹ്രസ്വകാല കോഴ്സുകളുമുണ്ട്. മികച്ച ഇൻസ്ട്രുമെന്റേഷൻ സൗകര്യം, കാലോചിതമായി പരിഷ്കരിച്ച ലാബോറട്ടറികൾ, വിദഗ്ധരായ അധ്യാപകരുടെ സേവനം, പ്ലേസ്മെന്റ് സെൽ, രാജ്യത്തെ മുൻനിര ലാബോറട്ടറികളിൽ ആറു മാസത്തെ പ്രോജക്ട് സൗകര്യം, ദേശീയ-രാജ്യാന്തര തലങ്ങളിൽ സർവകലാശാലകളും സ്ഥാപനങ്ങളുമായുള്ള സഹകരണം തുടങ്ങിയവ സവിശേഷതകളാണ്.*

cat.mgu.ac.in *വഴിയാണ് അപേക്ഷ നൽകേണ്ടത്. ഫോൺ-8185998052, 9446125075, 9495607297. വെബ് സൈറ്റ് :* scs.mgu.ac.in. *ഇമെയിൽ:* scs@mgu.ac.in.

*(പി.ആർ.ഒ/39/1561/2025)*

## എംജി സർവകലാശാലാ കാമ്പസിൽ എംഎഡ്

*മഹാത്മാഗാന്ധി സർവകലാശാലാ കാമ്പസിലെ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിൽ എംഎഡ് പ്രോഗ്രാമിന് ഇപ്പോൾ അപേക്ഷിക്കാം. 2025 മെയ് 30, 31 തീയ്യതികളിൽ നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. അവസാന വർഷ ബിഎഡ് വിദ്യാർഥികളെയും പരിഗണിക്കും. അവസാന തീയതി 2025 മെയ് 20. പ്രവേശനം ലഭിക്കുന്നവർക്ക് സർക്കാർ മാനദണ്ഡ പ്രകാരം ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ലഭിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ*(cat.mgu.ac.in)

*(പി.ആർ.ഒ/39/1562/2025)*

## എം.ജി സർവകലാശാലയിൽ എംഎസ്സി സൈക്കോളജി

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ എംഎസ്സി സൈക്കോളജി പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. രമ.ോഴൗ.മര.ശി വഴി മെയ് 20 വരെ അപേക്ഷ സമർപ്പിക്കാം. വെബ്സൈറ്റ്:* sobs.mgu.ac.in, *ഫോൺ-0481 2733369*

*(പി.ആർ.ഒ/39/1563/2025)*

## എംഎസ്സി ഫുഡ് സയൻസ് ആൻഡ് ടെക്നോളജി

*എം.ജി സർവകലാശലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നൊളജിയിൽ എംഎസ്സി ഫുഡ് സയൻസ് ആൻഡ് ടെക്നോളജി പ്രോഗ്രാമിലേക്ക്* cat.mgu.ac.in *വഴി മെയ് 20 വരെ അപേക്ഷിക്കാം. ഫോൺ –0481 2733371.*

*(പി.ആർ.ഒ/39/1563/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ബയോഇൻഫർമാറ്റിക്സ് (പിജിസിഎസ്എസ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 29 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

..............................

*ഒന്നാം സെമസ്റ്റർ എംഎസ്സി കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ അനലിറ്റിക്സ്) (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 28 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1564/2025)*

## സമയപരിധി നീട്ടി

*നാലാം സെമസ്റ്റർ ഐഎംസിഎ (2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ്), നാലാം സെമസ്റ്റർ ഡിഡിഎംസിഎ (2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ മെയ് 31 വരെയും ഫൈനോടുകൂടി ജൂൺ രണ്ടു വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ നാലു വരെയും അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1565/2025)*

## പരീക്ഷാ തീയതി

*രണ്ടാം സെമസ്റ്റർ സിബിസിഎസ് ബിഎ, ബികോം (പ്രൈവറ്റ് രജിസ്ട്രേഷൻ 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകൾ ജൂൺ ഒൻപതു മുതൽ നടക്കും.*

............................

*രണ്ടാം സെമസ്റ്റർ സിബിസിഎസ് (പുതിയ സ്കീം-2023 അഡ്മിഷൻ ഇംപ്രൂവ് മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) രണ്ടാം സെമസ്റ്റർ സിബിസിഎസ് ബിഎസ്സി സൈബർ ഫോറൻസിക്ക് (2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മാർച്ച് 2025) പരീക്ഷകൾ ജൂൺ ഒൻപതു മുതൽ നടക്കും.*

*(പി.ആർ.ഒ/39/1566/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**